## 15 -ാം കേരള നിയമസഭ

## 3 -ാം സമ്മേളനം

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 528** **09-11-2021 - ൽ മറുപടിയ്ക്ക്**

## വിഷപാമ്പുകളെ പിടികൂടുന്നതിന് ശാസ്ത്രീയ പരിശീലനം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ . പി . ഉബൈദുള്ള ,<br>ശ്രീ . മഞ്ഞളാംകുഴി അലി ,<br>ശ്രീ . എൻ . ഷംസുദ്ദീൻ | | Shri. A. K. Saseendran<br>(വനം-വന്യജീവി വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് വിഷപാമ്പുകളെ പിടികൂടുന്നതിന് വനം വകുപ്പിന്റെ നേതൃത്വത്തിൽ ശാസ്ത്രീയമായ പരിശീലനം നൽകാറുണ്ടോ; | (എ) | ഉണ്ട്. |
| (ബി) | പാമ്പുകളെ സംബന്ധിച്ച ബോധവൽക്കരണത്തിനും പാമ്പുകളുടെ സംരക്ഷണത്തിനുമായി എന്തെല്ലാം നടപടികളാണ് സ്വീകരിച്ചുവരുന്നതെന്ന് അറിയിക്കുമോ; | (ബി) | ജനവാസ മേഖലയിൽ എത്തിപ്പെടുന്ന പാമ്പുകൾ മൂലം അപകടങ്ങൾ ഉണ്ടാകാവുന്ന സാഹചര്യങ്ങളിൽ ജനങ്ങളുടേയും പാമ്പുകളുടേയും സുരക്ഷ ഉറപ്പ വരുത്തുന്നതിനായി, അത്തരം പാമ്പുകളെ ശാസ്ത്രീയമായി പിടികൂടി അനുയോജ്യമായ ആവാസ വ്യവസ്ഥയിൽ വിട്ടയയ്ക്കുന്നതിന് വിശദമായ മാർഗ്ഗ നിർദ്ദേശങ്ങൾ തയ്യാറാക്കി നടപ്പിലാക്കി വരുന്നുണ്ട്. സർക്കാർ അംഗീകരിച്ച ഈ മാർഗ്ഗ നിർദ്ദേശങ്ങൾ പ്രകാരം സംസ്ഥാനത്താകെ വനംവകുപ്പ് ജീവനക്കാരും സന്നദ്ധ പ്രവർത്തകരുമടക്കം 1657 പേർക്ക് പാമ്പുകളെ കൈകാര്യം ചെയ്യുന്നതിൽ ശാസ്ത്രീയ പരിശീലനം നൽകി, അതിൽ നിന്നും തിരഞ്ഞെടുക്കപ്പെട്ട 928 പേർക്ക് അംഗീകൃത പാമ്പുപിടുത്തക്കാർക്കുള്ള സർട്ടിഫിക്കേഷൻ നൽകിയിട്ടുണ്ട്. പാമ്പുകളുടെ റെസ്ക്യൂ സംബന്ധിച്ച വിവരങ്ങൾ സൂക്ഷിക്കുന്നതിനായി പൊതുജനങ്ങൾക്കും, ഉദ്യോഗസ്ഥർക്കും, സന്നദ്ധ പ്രവർത്തകർക്കും ഉപയോഗിക്കാവുന്ന "സർപ്പ" എന്ന മൊബൈൽ ആപ്ലിക്കേഷൻ വനം വകുപ്പ് തയ്യാറാക്കി ഉപയോഗിച്ചുവരുന്നു. ഓരോ ജില്ലയിലേയും റസ്ക്യൂ പ്രവർത്തനങ്ങൾ ഏകോപിപ്പിക്കുന്നതിനായി അംഗീകൃത റസ്ക്യൂവർമാരും, ഉദ്യോഗസ്ഥരും ഉൾപ്പെട്ട വാട്സ്ആപ്പ് ഗ്രൂപ്പുകൾ എല്ലാ ജില്ലകളിലും നിലവിലുണ്ട്. റസ്ക്യൂ പ്രവർത്തനങ്ങളുടെ ഏകോപനത്തിനായി ഓരോ ജില്ലയിലും ജില്ലാതല കോ-ഓഡിനേറ്റർമാരുണ്ട്. ട്രെയിനിംഗുകളും റസ്ക്യൂ പ്രവർത്തനങ്ങളും സംസ്ഥാനതലത്തിൽ ഏകോപിപ്പിക്കുന്നതിനായി നോഡൽ ഓഫീസറേയും നിയമിച്ചിട്ടുണ്ട്. വിവിധ ജില്ലകളിലെ പ്രവർത്തനങ്ങൾ |

| | | | |
|---|---|---|---|
| | | | ഏകോപിപ്പിക്കുന്നതിനായി ജില്ലാ കോ-ഓർഡിനേറ്റർമാരുടെ വാട്സ്ആപ്പ് ഗ്രൂപ്പും "സർപ്പ" മൊബൈൽ ആപ്ലിക്കേഷനിലെ എൻട്രികൾ സൂക്ഷ്മമായി നിരീക്ഷിക്കുന്നതിനും പാമ്പുകളെ പിടികൂടുന്നതുമായി ബന്ധപ്പെട്ട നിയമ വിരുദ്ധ പ്രവർത്തനങ്ങൾ സഗൗരവം കൈകാര്യം ചെയ്യുന്നതിനുമായി മേലുദ്യോഗസ്ഥർ ഉൾപ്പെട്ട മാസ്റ്റർ ട്രെയിനർമാരുടെ വാട്സ്ആപ്പ് ഗ്രൂപ്പുമുണ്ട്. പാമ്പുകളുടെ സംരക്ഷണവും ജനങ്ങളുടെ സുരക്ഷയും പ്രതിപാദിക്കുന്ന ചെറു ബോധ വൽക്കരണ വീഡിയോകൾ തയ്യാറാക്കി സാമൂഹ്യമാധ്യമങ്ങൾ വഴി പ്രചരിപ്പിക്കുന്നുണ്ട്. വിദ്യാഭ്യാസ സ്ഥാപനങ്ങൾക്കും, എൻ.ജി.ഒ കൾക്കുമായി ഓൺലൈൻ, ഓഫ്ലൈൻ മാർഗ്ഗങ്ങളിലൂടെ ബോധവൽക്കരണ ക്ലാസ്സുകൾ നടത്തുന്നുണ്ട്. കോവിഡ് ലോക്ഡൗൺ കാലത്ത് അടച്ചിട്ടിരുന്ന സ്കൂളുകൾ ശുചീകരിക്കുന്നതിനായി 2021 ഒക്ടോബറിൽ റസ്ക്യൂ വോളന്റിയർമാരുടെ സാന്നിദ്ധ്യം എല്ലാ ജില്ലകളിലും ലഭ്യമാക്കുകയും, ശുചീകരണ വേളയിൽ അനവധി പാമ്പുകളെ സുരക്ഷിതമായി പിടികൂടി മാറ്റുകയും ചെയ്തിട്ടുണ്ട്. വനംവകുപ്പിൽ പുതുതായി ജോലിയിൽ പ്രവേശിക്കുന്ന എല്ലാ സംരക്ഷണ വിഭാഗം ഉദ്യോഗസ്ഥർക്കും അവരുടെ നിർബന്ധിത പരിശീലനവേളയിൽതന്നെ പാമ്പുകളെ കൈകാര്യം ചെയ്യുന്നതിൽ ശാസ്ത്രീയ പരിശീലനം നൽകുന്നുണ്ട്. പാമ്പുകളുമായി ബന്ധപ്പെട്ട കുറ്റകൃത്യങ്ങൾ ശ്രദ്ധയിൽപ്പെട്ടാൽ വന്യജീവി സംരക്ഷണ നിയമപ്രകാരം നടപടികൾ സ്വീകരിക്കുന്നുണ്ട്. |
| (സി) | പാമ്പുപിടുത്തക്കാർക്കായി ഇൻഷ്വറൻസും ഓണറേറിയവും നൽകുന്നതിന് എന്തെങ്കിലും പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടോ; വിശദാംശം നൽകുമോ; | (സി) | നിലവിൽ ഇൻഷ്വറൻസും ഓണറേറിയവും നൽകുന്ന പദ്ധതി ആവിഷ്കരിച്ചിട്ടില്ല. |
| (ഡി) | പാമ്പുകളെ നിയമവിരുദ്ധ നടപടികൾക്ക് ഉപയോഗിക്കുന്നില്ലെന്ന് ഉറപ്പ് വരുത്തുന്നതിന് സ്വീകരിക്കാൻ ഉദ്ദേശിക്കുന്ന നടപടികൾ വ്യക്തമാക്കുമോ? | (ഡി) | സംസ്ഥാനത്തെ എല്ലാ റസ്ക്യൂ പ്രവർത്തനങ്ങളും "സർപ്പ" ആപ്ലിക്കേഷനിൽ രേഖപ്പെടുത്തണം എന്ന് നിഷ്കർഷിച്ചതിലൂടെ അനധികൃതമായി പാമ്പുകളെ പിടികൂടുന്നതിനും കൈവശം വയ്ക്കുന്നതിനുമുള്ള സാധ്യതകൾ ഇല്ലാതാകുന്നു. അംഗീകൃത റസ്ക്യൂവർമാർ മാത്രമേ പാമ്പുകളെ പിടികൂടാൻ പാടുള്ളൂ എന്ന് കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണ്. പാമ്പുകളെ അനധികൃതമായി പിടികൂടുകയോ കൈവശം വയ്ക്കുകയോ ചെയ്യുന്നത് തന്നെ കുറ്റകരമായ നിയമവിരുദ്ധ പ്രവൃത്തിയാണെന്നിരിക്കെ അവയെ ഉപയോഗിച്ചുള്ള മറ്റ് നിയമവിരുദ്ധ പ്രവർത്തനങ്ങൾ ഇതിലൂടെ തടയാൻ കഴിയുന്നു. |

സെക്ഷൻ ഓഫീസർ